ത്തീട്ടുണ്ട്. മറ്റ് നടപടികളും സ്വീകരിച്ചു വരികയാണ്. അദ്ധ്യാപകർ അതിനെ തുടർന്നു പരീക്ഷ ബോയ്ക്കോട്ട് ചെയ്തു എന്നുള്ളതു ശരിയാണ്. അദ്ധ്യാപകർ വീണ്ടും പരീക്ഷാജോലികളുമായി സഹകരിക്കണമെന്നും, അവർക്കു വേണ്ട സംരക്ഷണം കൊടുക്കാമെന്നും പ്രിൻസിപ്പാൾ വഴി ഗവൺമെൻറ് ഉറപ്പു കൊടുത്തിട്ടുണ്ട്. ഇതു വളരെ നിർഭാഗ്യകരമായ സംഭവമായിപ്പോയി. നമ്മുടെ കുട്ടികളും ഇങ്ങനെ ചെയ്യുന്നത് ശരിയല്ല. അദ്ധ്യാപകരെ കയ്യേറ്റം ചെയ്യുന്നതും എന്തെങ്കിലും കൃത്രിമങ്ങൾ കാണിച്ചു പിടിച്ചാൽ അതിനെതിരെ ശബ്ദിക്കുന്നതും ശരിയല്ല. ഏതു വിദ്യാർത്ഥി സംഘടനകളിൽപ്പെട്ടവരായാലും ശരി ഇത്തരം നടപടികളെ നീരുൽസാഹപ്പെടുത്തേണ്ടതാണ്. വിദ്യാർത്ഥികളും ഇതിൽ നിന്നും പിൻതിരിയേണ്ടതുമാണ്.

(4) ടി. കെ. മാധവൻ സ്മാരകം

ശ്രീ. എം. കെ. കേശവൻ : സർ, ഹരിജനങ്ങളുടേയും അവശസമുദായങ്ങളുടേയും ഉദ്ധാരകനായിരുന്ന റ്റി. കെ. മാധവന്റെ ജന്മശതാബ്ദി കൊണ്ടാടുന്ന വർഷമാണിത്. ഹരിജനങ്ങളും ഉൾപ്പെടെയുള്ള തീണ്ടൽ ജാതിക്കാർക്ക് ഒരുകാലത്ത് പൊതുനിരത്തിൽ സഞ്ചരിക്കുവാനും ക്ഷേത്രാരാധന നടത്തുവാനും സൗകര്യം ഉണ്ടായിരുന്നില്ല. അതിനെതിരായി നടന്ന ഐതിഹാസിക സമരമായിരുന്നു വൈക്കം സത്യാഗ്രഹം. അത് ദേശീയസമരത്തിന്റെ ഭാഗമായി തീർക്കാൻ വേണ്ടിയിട്ട് അന്ന് കോഹിനയിൽ ചേർന്നുകൊണ്ടിരുന്ന കോൺഗ്രസിന്റെ ദേശീയ സമ്മേളനത്തിൽ ഈ വിഷയം ഉന്നയിച്ച് ദേശീയ നേതാക്കൻമാരുടെ അംഗീകാരം നേടുകയും മഹാത്മജി, ശ്രീനാരായണഗുരു തുടങ്ങിയ മഹാൻമാരെ സത്യാഗ്രഹസ്ഥലത്തെത്തിക്കുകയും ചെയ്തത് ശ്രീ. റ്റി. കെ. മാധവനായിരുന്നു. അദ്ദേഹത്തിന്റെ ജന്മശതാബ്ദി കൊണ്ടാടുന്ന ഈ സന്ദർഭത്തിൽ വൈക്കത്ത് അദ്ദേഹത്തിനു സമുചിതമായ ഒരു സ്മാരകം നിർമ്മിക്കുന്നതിനു നടപടി സ്വീകരിക്കണമെന്ന് ഞാൻ മുഖ്യമന്ത്രിയോട് അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ചു സാംസ്കാരിക വകുപ്പ് സ്മാരകം പണിയുന്നത് സാഹിത്യം, കല തുടങ്ങിയ രംഗത്ത് പ്രശസ്തരായ ആളുകൾക്കാണ്. ഈ വകുപ്പനുസരിച്ചു ഇതു ചെയ്യാൻ നിയമപരമായ തടസ്സമുണ്ട്. എങ്കിലും റ്റി. കെ. മാധവനെപോലെ ആദരണീയനായ ഒരു നേതാവിന് സ്മാരകം പണിയുന്നത് ഈ സംസ്ഥാനത്തിനുതന്നെ അഭിമാനകരമായ ഒന്നാണ്. അതുകൊണ്ട് ഒന്നുകിൽ ഈ നിയമത്തിൽ ഭേദഗതി ചെയ്തു അല്ലെങ്കിൽ മറ്റ് എന്തെങ്കിലും മാർഗ്ഗത്തിൽക്കൂടി അതിനാവശ്യമായ ഒരു സംവിധാനം ഉണ്ടാക്കാൻ ഞാൻ താൽപര്യപൂർവ്വം പ്രവർത്തിക്കുന്നതാണ്.

(5) നെയ്യാറ്റിൻകരയിൽ സബ്കോടതി സ്ഥാപിക്കുന്നത് സംബന്ധിച്ച്

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, ആഭ്യന്തരമന്ത്രിയുടെ ശ്രദ്ധയ്ക്കാണ് എന്റെ ഈ സബ്മീഷൻ. നെയ്യാറ്റിൻകരയിൽ ഒരു സബ്കോടതി സ്ഥാപിക്കണമെന്നുള്ളത് നെയ്യാറ്റിൻകര താലൂക്കിലെ മുഴുവൻ ജനങ്ങളുടേയും ചിരകാലാഭിലാഷമാണ്. തിരുവനന്തപുരം ജില്ലയിൽ ഇപ്പോൾ ആറ്റിങ്ങൽ ഒന്നും തിരുവനന്തപുരത്ത് മൂന്നും സബ് കോടതികൾ സ്ഥിതിചെയ്യുന്നുണ്ട്. ഒരു സബ് കോടതി പൂർണ്ണമായി പ്രവർത്തിക്കാനാവശ്യമായതിലേറെ കേസുകൾ ഇന്നു നെയ്യാറ്റിൻകര നിന്നും തിരുവനന്തപുരത്തു ഫയൽ ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നെയ്യാറ്റിൻകര താലൂക്കിലെ നിവാസികളിൽ ഏറിയ ഭാഗവും സാധാരണക്കാരാണ്. നാട്ടിന്റെ പിന്നോക്കാവസ്ഥയും കേസുകളുടെ പെരുപ്പവും കണക്കിലെടുത്ത് അവിടത്തെ മുഴുവൻ ജനങ്ങളും അവിടെ ഒരു സബ് കോടതി വേണമെന്ന ആവശ്യം ഉന്നയിച്ചിരിക്കുകയാണ്. ഇതിനുവേണ്ടിയുള്ള പ്രാരംഭ നടപടികളും ആരംഭിച്ചത് 22-1-1982-ലാണ്. അതിനെ തുടർന്നു 21-2-1985 വരെ 16 നിവേദനങ്ങളും ബഹുമാനപ്പെട്ട സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 16-11-1983-ൽ ബഹുമാനപ്പെട്ട മന്ത്രിക്ക് മുൻ എം. എൽ. എ. മാരായ ജി. ലോപ്പസ്, പി. നാരായണൻ തമ്പി എന്നിവർ വി. ജെ. തങ്കപ്പൻ എം.എൽ.എ. യുടെ സാന്നിദ്ധ്യത്തിൽ നിവേദനം സമർപ്പിച്ചിരുന്നു. അന്ന് ബഹുമാനപ്പെട്ട മന്ത്രി മുഴുവൻ കാര്യങ്ങളും പഠിച്ചതിനുശേഷം നെയ്യാറ്റിൻകരയിലും ചേർത്തലയിലും ഓരോ സബ് കോടതി സ്ഥാപിക്കുന്നകാര്യം ഉറപ്പ് നൽകിയിരുന്നു. 1984-85-ൽ ഈ ഉറപ്പ് ആവർത്തിക്കുക മാത്രമല്ല അടിയന്തിരമായി കളക്ടറോട് റിപ്പോർട്ട് കൊടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. കളക്ടർ റിപ്പോർട്ട് കൊടുക്കുകയും ചെയ്തു. അതിനുശേഷം ചേർത്തലയിൽ സബ് കോടതി സ്ഥാപിച്ചു. നെയ്യാറ്റിൻകര സ്ഥാപിച്ചില്ല. അടിയന്തിരമായി നെയ്യാറ്റിൻകര ഒരു സബ്കോടതി സ്ഥാപിക്കണമെന്നാവശ്യപ്പെടുന്നതോടൊപ്പം ഇതിന് യാതൊരുവിധ സാമ്പത്തികബാദ്ധ്യതയും ഉണ്ടാകുന്നതല്ല എന്ന കാര്യം ഓർമ്മപ്പെടുത്തുകയും ചെയ്യുകയാണ്.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, കോടതികളും വേണമെന്ന ആവശ്യം പല ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട പല മെമ്പർമാരിൽ നിന്നും ഈ ആവശ്യം ഉണ്ടായിട്ടുണ്ട്. കോടതികളും അനുവദിക്കുന്നതിൽ അനുഭാവപൂർണ്ണമായ സമീപനമാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ വർഷംതന്നെ കുറച്ചു കോടതികളും തുടങ്ങിയ വിവരം ചോദ്യോത്തരവേളയിൽ പറഞ്ഞു. നെയ്യാറ്റിൻകര ഒരു കോടതി വേണമെന്നുള്ള കാര്യം ന്യായമായ ഒരാവശ്യമാണെന്നു ഗവൺമെൻറിനറിയാം. പക്ഷേ സാമ്പത്തികമായ പരിമിതികളും കാരണമാണ് തുടങ്ങാൻ കാലതാമസം വന്നിട്ടുള്ളത്. ചേർത്തലയിൽ കോടതി വേണമെന്ന കാര്യത്തിൽ ഗൗരിയമ്മയ്ക്കും എനിക്കും ശ്രീ. താമരാക്ഷനും ഒരുപോലെ താൽപര്യമുണ്ട്. കൊയിലാണ്ടി തുടങ്ങിയ പല സ്ഥലങ്ങളിലും കോടതി വേണമെന്ന നിവേദനം ലഭിച്ചിട്ടുണ്ട്. ഈ നിവേദനങ്ങളും പലതും ഗവൺമെൻറ് പരിഗണിക്കുകയും അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക പരിമിതികളാണ് തടസ്സമായിട്ടുള്ളത്. ഗവൺമെൻറിന്റെ സാമ്പത്തികസ്ഥിതിയനുസരിച്ച് എത്രയും വേഗം നടപടി സ്വീകരിക്കാൻ ശ്രമിക്കുന്നതാണ്.

(6) നീലച്ചിത്രങ്ങളുടെ പ്രദർശനത്തെ സംബന്ധിച്ച്

ശ്രീ. തോപ്പിൽ രവി: സർ, സാമൂഹ്യജീവിതത്തിൽ നമ്മളെല്ലാപേരും മുറുകെ പിടിക്കാനാഗ്രഹിക്കുന്ന സദാചാര മൂല്യങ്ങൾക്കു നേരെയുള്ള കനത്ത വെല്ലുവിളിയായി നമ്മുടെ സംസ്ഥാനത്തു നീലച്ചിത്രങ്ങളുടെ നിർമ്മാണവും പ്രദർശനവും നടക്കുന്നതായി പത്രവാർത്തകളുണ്ടായിരുന്നു. ടെലിവിഷനും വീഡിയോയും സാർവ്വത്രികമായതിൽ നമുക്കു അഭിമാനം ഉണ്ടെങ്കിലും ആ അഭിമാനബോധത്തെ വികലമാക്കുന്ന ഒരു പ്രതിഭാസമായി ഈ നീലച്ചിത്രങ്ങൾ വളർന്നു വന്നിരിക്കുന്നു. മനുഷ്യന്റെ അധമവികാരങ്ങൾ ചൂഷണം ചെയ്തു പണമുണ്ടാക്കാൻ ആഗ്രഹിക്കുന്ന ചില കറുത്ത ശക്തികളാണ് ഇതിന്റെ പുറകിൽ പ്രവർത്തിക്കുന്നത്. ഇതിനെതിരെ ചില നീക്കങ്ങളൊക്കെ നടത്തിയതായി പത്രങ്ങളിൽ കണ്ടു. നമ്മുടെ യുവജനങ്ങളുടെ സ്വഭാവ രൂപവൽക്കരണത്തിലും അവരുടെ ഭാവിയിലും താൽപ്പര്യമുള്ള ആരേയും അസ്വസ്ഥരാക്കുന്ന ഈ സാമൂഹ്യ തിന്മയ്ക്കെതിരായി കർശന

LIBRARY ARCHIVES Kerala Legislative Assembly